# പേരിൻെറ പേരിൽ.....




## ഡോക്ടർ നന്ദകുമാർ ചാണയിൽ

ഇന്നത്തെ ദിവസത്തിനു ഒരു പ്രാധാന്യമുണ്ടെന്ന് നിങ്ങൾക്ക് ഏവർക്കും അറിയാം. നീണ്ടു നിൽക്കുന്ന ഇരുളിൽ നിന്ന് കൂടുതൽ വെളിച്ചവും സൂര്യോർജ്ജവവും അടുത്ത ആറു മാസക്കാലത്തേക്ക് കിട്ടുന്നതിനുള്ള നാന്ദി ഇന്നു കുറിക്കുന്നു. ഇതേ ദിവസം, നമ്മുടെ വായനാനുഭവങ്ങളിലേക്ക് അറിവിൻെറ പ്രകാശകിരണങ്ങൾ ചൊരിയാൻ ഉപയുക്തമാകുമാറ് ഒരു ലേഖനസമാഹാരം നമുക്കിതാ ലഭ്യമായിരിക്കുന്നു. കുരുന്ന് പ്രായത്തിലേ സാഹിത്യ ലഹരിയുടെ വീര്യം നുണഞ്ഞ് ആസ്വദിക്കാനും അതോടൊപ്പം മറ്റുള്ളവരെ ലഹരി പിടിപ്പിക്കാനും പര്യാപ്തങ്ങളായ സാഹിത്യപരവും ശാസ്ത്രപരവുമായ രാസവസ്തുക്കൾ നിർമ്മിക്കുന്നതിൽ വ്യാപ്രുതനായ ഒരു ഗവേഷകനാണു് വിചാരവേദിയിലെ ഇന്നത്തെ മിന്നും താരം, പ്രൊഫസ്സർ ഡോക്ടർ ജോയ് ടി. കുഞ്ഞാപ്പു. "മ്മേ... ച്ഛൻ" എന്ന കൊച്ചുസമ്മാനപുസ്തകത്തിൽനിന്ന് തുടങ്ങിയ സാഹിത്യ ജൈത്രയാത്ര അസൂയാവഹമാണു്. ഇതിനകം ഇംഗ്ലീഷിലും മലയാളത്തിലുമായി (സാഹിത്യം, ശാസ്ത്രം) നിരവധി ലേഖനങ്ങളും പുസ്തകങ്ങളും എഴുതിക്കഴിഞ്ഞു. ബഹുമുഖ പ്രതിഭയുള്ള ഒരു

സകല കലാവല്ലഭനേ ഇന്നത്തെ ചർച്ചാവിഷയമായിട്ടുള്ള ഇത്തരമൊരു ക്രുതി രചിക്കാൻ കഴിയൂ. ഈ പുസ്തകം വിവരസമ്പത്ത്കൊണ്ട് സമ്രുദ്ധമായ ഒരു വിജ്ഞാനകോശമാണു; ഇത് ഒരു ഭാഷാപോഷിണിയാണു; ജ്ഞാനത്രുഷണയുള്ള ദാഹികൾക്ക് ദാഹശമനിയാണു. ഈ ജ്ഞാനസാഗരത്തിൻെറ ആഴത്തിലേക്ക് ഊളിയിടൂ, നിങ്ങൾക്കും ലഭിക്കും അറിവിൻെറ മുത്തുച്ചിപ്പികൾ, സുനിശ്ചിതം.

പദങ്ങളുടെ വിവേകപൂർണ്ണമായ തിരഞ്ഞെടുപ്പിലൂടെയും, കുറിക്ക് കൊള്ളുന്ന പദവിന്യാസത്തിലൂടെയും, വാക്കുകളുടെ അസാദ്ധ്യസാദ്ധ്യതകൾ വെളിപ്പെടുത്തുന്നതിലൂടെയും, വിവിധ വിജ്ഞാന വിഹായസ്സിൽ വിഹരിച്ച്, ആഗിരണം ചെയ്ത് സ്വാംശീകരിച്ച സാരാംശങ്ങൾ പ്രസരണം ചെയ്യുന്നതിലൂടെയും വായനക്കാരനു ഒരു ആശയപ്രപഞ്ചം തന്നെ സമ്മാനിക്കുന്നതിൽ ഗ്രന്ഥകാരൻ ദത്തശ്രദ്ധനാണെന്നു ഈ പുസ്തകം വായിക്കുന്നവർക്ക് ബോദ്ധ്യമാകും.

അർത്ഥവത്തും ലക്ഷണമൊത്തതുമായ ലേഖനം എങ്ങനെ എഴുതാമെന്നുള്ളതിനു ഉത്തമോദാഹരണങ്ങളാണു ഈ പുസ്തകത്തിലെ മിക്ക ലേഖനങ്ങളും. അടുക്കും ചിട്ടയോടും കൂടി, കാര്യകാരണങ്ങൾ നിരത്തി, യുക്തിഭദ്രതയോടെ, തൻെറ വാദമുഖം അവതരിപ്പിക്കുന്നതിലുള്ള പ്രാവീണ്യം എടുത്ത് പറയേണ്ട ഒരു വസ്തുതയാണു. ഓരോ ലേഖനത്തിലും വായനക്കാരനോട് ഒരു പാട് ചോദ്യശരങ്ങൾ തൊടുത്തുവിടുന്നുണ്ട്, 'ഞാനൊന്നുമറിഞ്ഞീല രാമനാരായണ', എന്ന മട്ടിൽ. തൻെറ ഉത്തരം അസന്നിഗ്ദ്ധമായി പറയാതെ, ഉത്തരത്തിൻെറ സൂചനകൾ നൽകി, വായനക്കാരനു തൻേറതായ ഉത്തരം നൽകാനുള്ള സ്വാതന്ത്ര്യം നൽകിക്കൊണ്ടുള്ള ഒരു രീതിയാണു പ്രൊഫസ്സർ സ്വീകരിച്ചിട്ടുള്ളത്. അത് പോലെ തന്നെ വായനക്കാരൻെറ അറിവും ഓർമ്മയും സ്വയം പരിശോധിക്കാനുള്ള ഗൃഹപാഠങ്ങൾ നൽകിക്കൊണ്ടുള്ള ശിൽപ്പശാലാവിദ്യകളും വേണ്ടുവോളം കാണാം നമുക്കീ പുസ്തകത്തിൽ. നീണ്ട അദ്ധ്യാപനജീവിതത്തിൻെറ പ്രതിഫലനങ്ങളാവാം ഇവ.

സംഗീതജ്ഞനായത്കൊണ്ടാവാം ഇദ്ദേഹത്തിൻെറ ഭാഷയിലും താളലയങ്ങൾ കലർന്നുള്ള ഒരു പ്രവാഹം നാം ദർശിക്കുന്നത്. ഒപ്പം തന്നെ സ്വരമാധുരിയും. ഈ ചേരുവകളൊക്കെ ഒത്ത് ചേർന്നപ്പോഴോ, ഗദ്യത്തിനും വന്നുചേർന്നു ഒരു ആവിഷ്ക്കാരഭംഗി. അതോടൊപ്പം തന്നെ സങ്കീർണ്ണമായ ആശയഗാംഭീര്യവും. "പേരും, വേരും, പെരുമയും, പൊരുളും" എന്ന ഒരു പ്രഭാഷണ പ്രബന്ധത്തിൻെറ ശീർഷകം തന്നെ ശ്രദ്ധിക്കൂ. താളലയമുണ്ട്, ആവിഷ്ക്കാരഭംഗിയുണ്ട്, ആശയഗരിമയുണ്ട്. സാധാരണക്കാർ തെല്ലും പ്രാധാന്യം നൽകാത്ത ഉള്ളടക്കങ്ങളിലാണ് ഇദ്ദേഹത്തിൻെറ ശ്രദ്ധ പതിയുക. പരമാണുവിൽ പ്രപഞ്ചം ദർശിക്കുന്ന ദാർശനിക ശാസ്ത്രജ്ഞനാണു നമ്മുടെ ഡോക്ടർ. അദ്ദേഹത്തിൻെറ എല്ലാ ക്രുതികളിലും ശാസ്ത്രീയാവബോധം, ശാസ്ത്രജ്ഞൻെറ സൂക്ഷ്മ നിരീക്ഷണപാടവം, വിശകലന ചാതുരി, സാമാന്യവിജ്ഞാനത്തിൻെറ മികവ്, ബ്രുഹത്തായ വായനയോടൊപ്പം നേടിയെടുത്ത ആഗിരണശേഷിയിലൂടെ, പ്രതിപാദിക്കുന്ന വിഷയവുമായി ഒരു ചങ്ങലയിലെ കണ്ണികൾ എന്ന പോലെ പരസ്പരം കോർത്തിണക്കുന്നതിലുള്ള വൈദഗ്ദ്ധ്യം, എന്നിവ എടുത്ത് പറയേണ്ട വസ്തുതകളാണു.

സേതുവിൻെറ നോവലിലെ അസ്തിത്വദു:ഖം പേറുന്ന ഹരിനാരായണൻേറയും,

ബെന്യാമിൻെറ നോവലിലെ നായകൻെറ ഗൾഫിലേക്ക് വിടവാങ്ങുന്നതിനു മുമ്പ് ഗർഭിണിയായ ഭാര്യയുടെ വയറ്റിലേക്ക് നോക്കി, നബീലെ,/സഫിയാ എന്നൊക്കെ മൊഴിയുന്ന രംഗം, എന്നീ ഉപാഖ്യാനങ്ങൾ അവസരോചിതമായി തൻെറ ആഖ്യാനത്തോട് കോർത്തിണക്കി പരസ്പരം സംബന്ധിപ്പിക്കുന്നത് ഒരു ചെറിയ ഉദാഹരണം മാത്രം.

പാചകകലാപ്രദർശനങ്ങളിൽ പങ്കെടുക്കുന്നവർക്ക്, വിഭവങ്ങളുടെ മേന്മ അറിയാൻ ഒരു ചെറുശകലം (Sample) കൊടുക്കുന്നത്പോലെ ചില സാമ്പിളുകൾ നിങ്ങൾക്കായി വീതിക്കട്ടെ:

1. ''ജന്മാർജ്ജിതവും കർമ്മാർജ്ജിതവുമായ സംസ്ക്രുതിയുടെ ഭാവരേണുക്കൾ മനസ്സിൽ പ്രതിഫലിക്കുന്നു.'' 2. ''പേരു് നാമ മാത്രമായ ഒരു ഹേതു മാത്രമല്ല , പ്രതിനിധീഭവിക്കുന്ന പ്രതിഭാസത്തിൻെറ ആകെത്തുകകൂടിയാണു്. നവജാതശിശുവിനു പേരിടുമ്പോൾ നാം പഴമയേയും, പുതുമയേയും തനിമയേയും കൂട്ടുപിടിക്കുന്നു.'' 3. ''പേരിലെ ഉൾപ്പിരിവുകൾ നിറഞ്ഞ വൈരുദ്ധ്യദ്ധ്യങ്ങൾ വാങ്മയങ്ങൾ കൊണ്ട് സമ്പന്നമാണു്. ജന്മസിദ്ധമായതും, സ്വായത്തമാക്കിയതുമായ സൗന്ദര്യസങ്കൽപ്പം ചരാചരങ്ങൾക്ക് പേരിടുമ്പോൾ നാം സ്വീകരിക്കുന്നു.'' 4. ''കോങ്കണ്ണിയായ വിശാലാക്ഷിയെ കാണുമ്പോൾ, വൈരുദ്ധ്യഭാവം വമിപ്പിക്കുന്ന ഹാസ്യത്തിൻെറ ഉറവിടം തേടി അലയുന്നു''. 5. ''ദു:ഖഭാവം പേറുന്നവരെ ആനന്ദ് എന്ന് വിളിച്ച് വിരോധം തോന്നുമാറുക്തിയിൽ രമിക്കുന്നു.'' 6. ''പ്രശസ്തരുടെ പേരുകൾ അവർ പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനത്തിൻെറ പ്രതീകമായ പൊരുളായി മാറുന്നു.ചെല്ലപ്പേരു വിളിച്ച് ലാളിക്കുന്നു; ഇല്ലപ്പേരു ചൊല്ലി അഭിമാനിക്കുന്നു; കുറ്റപ്പേരു പറഞ്ഞ് കളിയാക്കുന്നു,വീര്യം കെടുത്തുന്നു,. സ്ഥാനപ്പേരു ഘോഷിച്ച് പെരുമ നേടുന്നു.'' 7. ''പേരിൽ എന്തിരിക്കുന്നുവെന്ന പഴംവാക്കിൽ, അർത്ഥശങ്കയും, അനർത്ഥവും, അന്തർലീനം.'' 8. ''പേരു നോക്കി പശ്ചാത്തലം നിർണ്ണയിച്ച് അടുക്കലും, അകറ്റലും അടിപ്പിക്കലും സുസാദ്ധ്യമാക്കുന്ന ജാലവിദ്യ പൊതുനിരീക്ഷണം.'' 9. ''താരത്തിനും സിനിമക്കും പേരിടുമ്പോൾ മൂല്യങ്ങൾക്കുപരി നാം മൂലധനത്തിൽ ശ്രദ്ധിക്കുന്നു.'' 10. ''നാമം സൽപ്പേരിൻേറയും ദുഷ്പ്പേരിൻേറയും പരമ്പരയായി എത്ര മഹാത്മാക്കളെ അഭിമാനത്തിൻേറയും ലജ്ജയുടേയും തൊപ്പിയണിയിച്ചിട്ടില്ല.''

ഓരോ വാചകങ്ങളും ശ്രദ്ധിക്കൂ: എത്ര സരളലളിതം; എന്തു അർത്ഥസമ്പുഷ്ടി; എന്തു അർത്ഥവ്യാപ്തി; എത്ര പ്രാസപൂരിത പ്രയോഗങ്ങൾ; എണ്ണിച്ചുട്ട അപ്പം പോലെ അളന്നു മുറിച്ച പദപ്രയോഗങ്ങൾ.

കഠിനപദങ്ങളുടെ അമിതോപയോഗേന, കടിച്ചാൽ പൊട്ടാത്തതാണു് പ്രൊഫസ്സർ കുഞ്ഞാപ്പുവിൻെറ ക്രുതികൾ എന്നൊരു കിംവദന്തിയുണ്ട്. എന്നാൽ കേൾക്കു കൂട്ടരേ, നല്ല ദന്തബലമുണ്ടെങ്കിൽ കടിച്ച്നോക്കാം, നിശ്ചയമായും കടിച്ച് പൊട്ടിക്കാം, ചവച്ചിറക്കാം. അതു് പോലെ തന്നെ, കണ്ണുണ്ടായാൽ പോരാ കാണണം, കാതുണ്ടായാൽ പോരാ കേൾക്കണം. തീർന്നില്ല, കണ്ണിനു കാഴ്ച്ച കുറഞ്ഞെങ്കിൽ, കണ്ണടയുണ്ടല്ലോ? ഇത് എൻെറ നിർദ്ദേശമല്ല. ആദ്യത്തെപുറത്തിലെ പടത്തിലൂടെ ബിംബോദ്യോദികമായി പറയാനുള്ളത് പറയാതെ പറഞ്ഞു വച്ചു ഈ ചിത്രകാരൻ.

ഗഹനവും ഗുരുത്വവുമുള്ള സമസ്യകൾ കൈകാര്യം ചെയ്കകൊണ്ട്, ആളൊരു ഗൗരവക്കാരനാണെന്ന് തെറ്റായി ധരിക്കപ്പെട്ടിട്ടുള്ള ഇദ്ദേഹത്തിൻെറ ഹാസ്യോന്മാദഭാവങ്ങൾക്കും ഭാവനകൾക്കും മകുടം ചാർത്തുവാൻ ഞാൻ മേലുദ്ധരിച്ച ചില വാചകങ്ങൾ പര്യാപ്തങ്ങളല്ലേ? ഒരു ഗൗരവക്കാരനായ നാട്ടുകാരണവർ ഗൗരവം വിടാതിരിക്കാൻ ബലം പ്രയോഗിച്ച് ഗൗരവം നടിച്ച് തമാശകൾ കാച്ചാറില്ലേ?

ഇദ്ദേഹത്തിൻെറ ക്രുതികളുടെ മറ്റൊരു പ്രധാനഘടകം, സാർവ്വലൗകികമായ ജഗൻ മൈത്രിയാണ്. ജന്മം കൊണ്ട് കത്തോലിക്കനെങ്കിലും സനാതന ധർമ്മത്തേയും സനാതന സംസ്ക്രുതിയേയും കുറിച്ചുള്ള ഡോ:കുഞ്ഞാപ്പുവിൻെറ വിശാല വീക്ഷണവും അറിവും കാഴ്ച്ചപ്പാടും പരാമർശിക്കാതിരിക്കാൻ വയ്യ തന്നെ. എനിക്ക് അനുവദിച്ച് തന്നിട്ടുള്ള ലേഖനത്തിൽ നിന്ന് തന്നെ ചിലത് ഉദ്ധരിക്കട്ടെ:

1. ''ഓരോ പേരും തുയിലുണർത്തി സഹസ്രനാമത്തിൻെറ മന്ത്രാക്ഷരം കുറിക്കുന്നു.''
2. സ്വസംജ്ഞാ ശബ്ദം ഉളവാക്കുന്ന അവജ്ഞ നിർമ്മാർജ്ജനം ചെയ്യാൻ പേരുമാറ്റ ഉത്സവത്തിൽ തേരു് തെളിക്കുന്നു. 3. ഭാരതീയ സംസ്ക്രുതിയുടെ പാരമ്യമായ മഹാഭാരതത്തിനു "ജയം" എന്ന പേരു് വന്ന കഥ പറയുമ്പോഴും, അതിനപ്പുറം, അവയെ സ്വാംശീകരിച്ചതായും അനുഭവപ്പെടുമ്പോൾ, മതഭ്രാന്തന്മാരേ, ഈ ദുനിയാവ് നിങ്ങൾക്ക് മാത്രമുള്ളതല്ല എന്ന് പ്രഘോഷിക്കാൻ എനിക്കും ഒരു വെമ്പലുണ്ടായിപ്പോകുന്നു.

പാശ്ചാത്യദേശത്ത് "ജോയ്" എന്നത് ഒരു സ്ത്രീനാമമാണെന്ന തിരിച്ചറിവുണ്ടായിട്ടും, പേരു മാറ്റ വിപ്ലവത്തിൽ പങ്കെടുക്കാതിരിക്കാനുള്ള കാരണം , വരരുചിയുടെ " കടപയാദി" ന്യായേന, ഹാസ്യാത്മകമായി വിവരിക്കുന്നത് അതീവ മനോഹരം തന്നെ. Kudos to Kunjappu Doctor. അതിലുപരി, മാതാപിതാക്കൾ അനുഗ്രഹാശിസ്സോടേയും, ശുഭാപ്തി വിശ്വാസത്തോടേയും നൽകിയ പേരു് ഒളിച്ച്വച്ച്, വായിൽ തോന്നിയതെന്തും കോതക്ക് പാട്ടെന്ന മട്ടിൽ തട്ടി വിട്ട്, പേരില്ലാ പ്രേതങ്ങൾ വിലസുന്ന അമേരിക്കൻ മലയാള സാഹിത്യ രംഗത്ത് ഒളിയമ്പെയ്ത് ക്ഷിപ്രയശസ്സിനു തിടുക്കം കൂട്ടുന്നവർക്കുള്ള ഒരു ഗുണപാഠവും കൂടി ആകട്ടെ ആത്മാഭിമാനം തുളുമ്പുന്ന ഈ മാത്രുക. പേരിൻെറ പേരിൽ പോരുകളും പേരു നില നിർത്താനുള്ള തത്രപ്പാടുകളും എത്ര എത്ര ! സ്വന്തം പേരു് സ്വന്തം സൂട്ടിൽ തുന്നിപ്പിടിപ്പിച്ച് പ്രദർശനം നടത്തിയ നമ്മുടെ സ്വന്തം പ്രധാനമന്ത്രിയുടെ പ്രകടനവും ഓർത്തുപോകുന്നു.

ഇനി, തലോടലിനു ശേഷം അൽപ്പം തോണ്ടലും, വിയോജിപ്പും:

എൻെറ പ്രതിപാദ്യവിഷയമായ ലേഖനത്തിൻെറ ആദ്യ വാചകമായ "വസ്തുവാണു് ആദ്യം ഉണ്ടായത്, വസ്തുത പിന്നീടും" എന്നതിനോടാണു് അത്. Chicken and Egg Story. അല്ലെങ്കിൽ പച്ച മലയാളത്തിലെ "അണ്ടിയോ മൂത്തത്, മാവോ" എന്ന പഴമൊഴി ഓർത്തുപോകുന്നു. വസ്തുവിനോടൊപ്പം തന്നെ വസ്തുതയുമുണ്ടെന്നാണു് എൻെറ പക്ഷം. ചിലപ്പോൾ വസ്തുതകൾ നാം അറിയാതെ പോകുന്നു എന്ന് മാത്രം.

ലോഹമെന്ന മൂലകത്തിനു തിളക്കം, അതാര്യത, വലിച്ച് നീട്ടാൻ പറ്റൽ, ഊർജവാഹകശേഷി, എന്നീ വസ്തുതകൾ ഒത്തു ചേരുമ്പോഴല്ലേ ലോഹമെന്ന വസ്തു അറിയപ്പെടുക. ഒന്നില്ലാതെ മറ്റൊന്നിനു നില നിൽക്കാൻ പറ്റാത്ത അവസ്ഥ. എങ്ങനെ വേണമെങ്കിലും വ്യാഖ്യാനിക്കാമെന്ന് ചൂണ്ടിക്കാണിച്ചെന്ന് മാത്രം x-ray,radiation എന്നിവ ചില ഉദാഹരണങ്ങൾ .

ഈ പുസ്തകത്തിന്റെ "ആരാണു് വിദ്യാധരനും" സാമൂഹ്യപാഠങ്ങളും എന്ന ശീർഷകത്തിൽ മോരും മുതിരയുമെന്നപോലെ ഒരു പന്തികേട് തോന്നായ്കയില്ല.

''അധിക വിശദീകരണത്തിന്റെ പല്ലുകുത്തികൾ പുറത്തെടുക്കേണ്ടതില്ല,'' "ആദ്യത്തെ വിഘടനാനുഭവം തലച്ചോറിന്റെ കാര്യാലയത്തിലേക്ക് പുന:പ്രവേശിക്കുക'' എന്നീ വാചാലമായ പ്രയോഗങ്ങൾ കണ്ടപ്പോൾ എന്റെ യശശ്ശരീരനും അഭിവന്ദ്യനുമായ മുൻഷി ഭട്ടതിരിപ്പാടു മാഷിനെ ഓർത്തുപോയി. ഞാൻ ഇങ്ങനെ ഒക്കെ എഴുതിയിരുന്നെങ്കിൽ , അദ്ദേഹം പറയുമായിരുന്നു, "എന്തിനാടോ, കാര്യങ്ങൾ നേരേ ചൊവ്വേ പറയാതെ, വളഞ്ഞ് മൂക്ക് പിടിക്കുന്നതെന്ന്.''

ശ്രോതാക്കളേ, എന്നെ കേട്ടിരുന്നതിനു നന്ദി. ഒപ്പം ഇങ്ങനെ ഒരുവതരണത്തിനു അവസരം തന്ന വിചാരവേദിക്കും.

ചർച്ചക്ക് വരുന്ന രചനകളുടെ രചയിതാക്കളോട് ഒരു വാക്കു്, ആസ്വാദനമോ, പുസ്തകപരിചയമോ, നടത്തുന്നവർ ക്രുതികൾ പഠിക്കുന്നതിനും അവതരണത്തിനുമായി അവരുടെ ശ്രമവും, സമയവും ചിലവഴിച്ചിട്ടാണു അങ്ങനെ ചെയ്യുന്നത്. അങ്ങിനെയുള്ളവർക്ക് കൊടുക്കാവുന്ന ഏറ്റവും നല്ല പ്രോത്സാഹനം അവരുടെ പ്രതിപാദനത്തിലുള്ള നല്ലതും ചീത്തയുമായ് വശങ്ങൾ പരാമർശിക്കുക എന്നുള്ളതാണു്. അല്ലാതെ മൊത്തത്തിലുള്ള ഒരു നന്ദി പറയലല്ല.

ഗ്രന്ഥകർത്താവിന്റെ തന്നെ ''പ്രതികരിക്കുന്ന പ്രത്യയശാസ്ത്രത്തിൽ'' നിന്നുള്ള ഒരു വാചകം കടമെടുത്ത്കൊണ്ട് നിർത്താം. "ജീവിത സാഹചര്യങ്ങളുടെ പ്രതികൂലതകളിൽ തളരാതെ , ഭൗതികതയെ ആശ്രയിക്കാതെ, ചിന്ത മുഴുവൻ സാഹിത്യവും സംഗീതവും ശാസ്ത്രവും നിറച്ച്, പൂരിതമായ ബൗദ്ധികാന്തരീക്ഷം സ്രുഷ്ടിച്ച്,'' കാലുകളിടറാതെ അടിവച്ചടിവെച്ച് മുന്നേറുന്ന പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പുവിന്റെ ഒരു ലേഖനത്തെക്കുറിച്ചെങ്കിലും ഒരാസ്വാദനം പറയാൻ അവസരം കിട്ടിയത് എന്റെ ഭാഗ്യമായി കരുതുന്നു.സർഗ്ഗധനനായ ഈ ശാസ്ത്രീയ, സാഹിതീയ പ്രതിഭയിൽ നിന്നും നിരവധി മികവുറ്റ രചനകൾ ഇനിയും ഉണ്ടായിക്കൊണ്ടേ ഇരിക്കട്ടെ എന്ന ആത്മാർത്ഥമായ ആശംശകളോടെ വിരമിക്കട്ടെ, നന്ദി നമസ്കാരം ഏവർക്കും.

*************************************************